പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 1573

15-02-2016 ൽ മറുപടിക്ക്

## അടിസ്ഥാന സൗകര്യ വികസനം

**ചോദ്യം**

ശ്രീ. ജി.എസ്. ജയലാൽ

**ഉത്തരം**

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പോളച്ചിറ ഏലായിൽ നബാർഡ് പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസന ആവശ്യത്തിലേക്കായി എത്ര രൂപയുടെ ഭരണാനുമതി എന്ന് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാർ ഉത്തരവ് (സാധാ) നം.527/11/എഡി തീയതി 14-03-2011 പ്രകാരം 3,20,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് പ്രാവർത്തികമാക്കുവാൻ വിഭാവന ചെയ്തിരുന്നതെന്നും, അതിൽ ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവെന്നും അറിയിക്കുമോ; | (ബി) | **വിഭാവനം ചെയ്തത്.**<br>1. തോടിന്റെ ആഴം കൂട്ടൽ, ബണ്ട് ബലപ്പെടുത്തൽ<br>2. തലക്കുളം നിർമ്മാണം<br>3. ഫാം തോടിന്റെ സൈഡ് ബണ്ട് ഉയർത്തൽ<br>4. പാർശ്വഭിത്തി നിർമ്മാണം<br>5. കലിങ്ക് നിർമ്മാണം<br>6. കലിങ്കിന്റേയും പമ്പ് ഹൗസിന്റേയും സൈഡ് ഭിത്തി നിർമ്മാണം<br>7. 50 എച്ച്.പി എഞ്ചിൻ തറയും ഫാം ഹൗസ് നിർമ്മാണവും<br>8. 50 എച്ച്.പി പെട്ടി, പറ സ്ഥാപിക്കൽ<br>9. ട്രാക്ടർ പാസ്സേജ് വിത്ത് കൾവർട്ട്, നടപ്പാലം നിർമ്മാണം, ക്രോസ് ബാർ നിർമ്മാണം<br>10. 10 എച്ച്.പി മോട്ടോർ പമ്പ്സെറ്റ് വിത്ത് സിങ്കിംഗ് കിണർ നിർമ്മാണം<br>**പൂർത്തീകരിച്ചവ**<br>1. തോടിന്റെ ആഴം കൂട്ടൽ 60%<br>2. പാർശ്വ ഭിത്തി നിർമ്മാണം<br>3. കലിങ്ക് നിർമ്മാണം 3 എണ്ണം<br>4. സ്ലൂയിസ് 2 എണ്ണം<br>5. കലിങ്കിന്റെ പാർശ്വ ഭിത്തി നിർമ്മാണം<br>6. 50 എച്ച്.പി എഞ്ചിൻ തറയും പമ്പ് ഹൗസ് നിർമ്മാണവും<br>7. പെട്ടി പറയുടെ റിപ്പയർ<br>8. നടപ്പാലം 2 എണ്ണം<br>9. സൈഡ് പാറകെട്ട് |

| | | |
|---|---|---|
| (സി) ഈ പദ്ധതി പൂർത്തീകരിക്കുവാൻ നൽകിയിരുന്ന തീയതി എന്നാണ്; കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (സി) | 2013 മാർച്ച് വരെയായിരുന്നു പദ്ധതിയുടെ കാലാവധി. ഇത് 2015 മാർച്ച് 31 വരെയും പിന്നീട് 2016 മാർച്ച് 31 വരെയും ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |
| (ഡി) ശേഷിക്കുന്ന നിർമ്മാണ ജോലികൾ എന്തൊക്കെയാണെന്നും, ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ; | (ഡി) | എ) തലക്കുളം നിർമ്മാണം (ബി) തോടിന്റെ ആഴം കൂട്ടൽ, ബണ്ട് ബലപ്പെടുത്തൽ (ബാക്കി പ്രവർത്തികൾ) (സി) ഫാം തോടിന്റെ സൈഡ് ബണ്ട് ഉയർത്തൽ (ഡി) 50 എച്ച്.പി പെട്ടി പറ സ്ഥാപിക്കൽ (ഇ) 10 എച്ച്.പി മോട്ടോർ പമ്പ്സെറ്റ്.<br>2016 മാർച്ച് 31 ന് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്. |
| (ഇ) നിർമ്മാണ ജോലികൾ പൂർത്തീകരിച്ച വകയിൽ എത്ര രൂപ സമിതിയ്ക്ക് നൽകിയിട്ടുണ്ട്; | (ഇ) | 75,88,433/- രൂപ നൽകിയിട്ടുണ്ട്. |
| (എഫ്) പദ്ധതി പൂർത്തീകരിക്കുന്നതിലേയ്ക്കായി തടസ്സമുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിലേയ്ക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പ്രവർത്തന പുരോഗതി അറിയിക്കുമോ;<br>(ജി) കരാർ ഏറ്റെടുത്ത സമിതിയുടേതല്ലാത്ത കാരണത്താൽ പ്രവൃത്തികൾ നടത്തുവാൻ കാലതാമസം നേരിട്ട കാര്യം പരിഗണിച്ച് പദ്ധതി പൂർത്തീകരിക്കുവാൻ കാലപരിധി നീട്ടി നൽകുവാൻ സന്നദ്ധമാകുമോ; വിശദാംശം അറിയിക്കുമോ; ഇപ്പോഴത്തെ നിലയിൽ എന്നത്തേക്ക് പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | (എഫ്) & (ജി) | ഉണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്ക് നേരിട്ട പ്രദേശിക തടസ്സങ്ങൾക്കെതിരെ ബഹു. ഹൈക്കോടതി ഉത്തരവിൻ പ്രകാരമാണ് ഇപ്പോൾ പദ്ധതി പ്രവർത്തികൾ നടന്നുവരുന്നത്. 2016 മാർച്ച് 31 വരെ പദ്ധതി പൂർത്തീകരിക്കുവാനുള്ള കാലപരിധി നീട്ടി കിട്ടിയിട്ടുണ്ട്. ഈ തീയതിയ്ക്കകം പദ്ധതി പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. |

സെക്ഷൻ ഓഫീസർ